**File No.EXC/1333/2019-XD3**

**കേരള എക്സൈസ് വകുപ്പ്.**
**"മാതൃഭാഷ-മലയാളം"**
**എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം**

വിഷയം : എക്സൈസ് ഭരണപരം -എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് പുനക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.GO(P) No.113/1990/Fin. തിയതി 15.02.1990.
2.സർക്കാർ കത്ത് നമ്പർ.എഫ്1/85/2019 തിയതി.27-07-2021

ഉത്തരവ് നമ്പർ.EXC/1333/2019-XD3 തീയതി: **02/11/2021**

എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് കണക്കാക്കുന്നതിലെ മാനദണ്ഡം പുനഃപരിശോധിക്കണം എന്ന് അഭ്യർത്ഥിച്ച് കൊണ്ട് വകുപ്പിലെ ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ സർക്കാർ സ്പഷ്ടീകരണം തേടിയിരുന്നതും ആയതിനു സൂചന (2) പ്രകാരം താഴെ പറയും പ്രകാരം വിശദീകരണം നല്കിയിട്ടുള്ളതുമാണ് .

"GO(P) No.113/1990/Fin dated.15.02.1990 സർക്കാർ ഉത്തരവിൽ ചുവടെപ്പറയും പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.
*Rule 12(4) of Kerala Service Rules, Part I defines cadre as the strength of a service sanctioned as a separate unit .Temporary posts created under Rule 156 Part I, Kerala Service Rules cannot be reckoned as part of the parent cadre, as such posts will have to be abolished as soon as the purpose for which the posts are created cease to exist Government are, therefore pleased to clarify that posts created under Rule 156 Part 1, KSRs, the cost of which are reimbursed by the beneficiary agencies, will not be reckoned for fixation of cadre strength and ratio promotion.*

മേൽ സാഹചര്യത്തിൽ KSR Part 1, Rule 156 പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഒരു വകുപ്പിലെ cadre strength, ratio promotion എന്നിവയ്ക്ക് GO(P) No.113/1990/Fin dated.15.02.1990 ഉത്തരവ് പ്രകാരം കണക്കിലെടുക്കാനാകില്ലെന്നും ഇപ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ എക്സൈസ് വകുപ്പിന്റെ കേഡർ സ്ട്രെങ്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയവ ഒഴിവാക്കി കേഡർ സ്ട്രെങ്ത് പുനർനിർണയിക്കേണ്ടതാണ്".

(2) കെ.എസ്.ബി.സി, ബ്രൂവറി, ഡിസ്റ്റിലറി ഉടങ്ങിയ സ്ഥാപനങ്ങളിൽ താത്കാലികമായി 22 എക്സൈസ് ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്രകാരമുള്ള തസ്തികകൾ നിലനിൽക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| SI.No | Name of the Institution |
|---|---|
| 1 | STD Neyyattinkara |

| | |
|---|---|
| 2 | PCT Thiruvananthapuram |
| 3 | KSBC Thiruvananthapuram |
| 4 | KSBC Thiruvananthapuram |
| 5 | Murugan Pharma, Kollam |
| 6 | KSCoHP, Alappuzha |
| 7 | United Brewery, Cherathala |
| 8 | Casanova Distillery, Kottayam |
| 9 | Indoscottish Distillery, Ernakulam |
| 10 | Devikulam Distillery, Kakkanad |
| 11 | Seven Seas Distillery, Thrissur |
| 12 | Polson Distellery, Thrissur |
| 13 | Southern Union Pharma, Thrissur |
| 14 | Malabar Brewery, Thrissur |
| 15 | Elite Distillery, Thrissur |
| 16 | United Spirits LTD, Palakkad |
| 17 | KAP Palakkad |
| 18 | EMPEE Distillery Palakkad |
| 19 | Amrut Distillery, Palakkad |
| 20 | Imperial Distillery, Govindapuram |
| 21 | K.S.Distillery |
| 22 | Normandy Distillery |

മേൽ സ്ഥാപനങ്ങളിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ കോസ്റ്റ്

File No.EXC/1333/2019-XD3

ഓഫ് എസ്റ്റാബ്ലിഷ്മെൻറ് വഹിക്കുന്നത് അതതു സ്ഥാപനങ്ങളാണ്.

മേൽ രേഖപ്പെടുത്തിയിട്ടുള്ള 22 തസ്തികയും ഉൾപ്പെടുത്തിയാണ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ കേഡർ സ്ട്രെങ്ത് കണക്കാക്കി വരുന്നത്. എക്സൈസ് ഇൻസ്പെക്ടർമാരുടെ 345 തസ്തികയാണ് വകുപ്പിൽ നിലവിലുള്ളത്. അതിൽ 173 തസ്തിക പ്രൊമോട്ടീ ഇൻസ്പെക്ടർമാർക്കായും, 172 തസ്തിക നേരിട്ടുള്ള നിയമനത്തിനായും നീക്കിവെച്ചാണ് കേഡർ സ്ട്രെങ്ത് നിലവിൽ കണക്കാക്കിവരുന്നത്.

മേൽ സാഹചര്യത്തിൽ സൂചന(2) സർക്കാർ നിർദേശം പാലിക്കുന്നതിന്റെ ഭാഗമായി താൽകാലികമായി സൃഷ്ടിക്കപെട്ട 22 എക്സൈസ് ഇൻസ്പെക്ടർ തസ്തിക നിലവിലുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്തിൽ (345) നിന്നും കുറവ് ചെയ്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെ കേഡർ സ്ട്രെങ്ത് 27-07-2021 തിയതി പ്രാബല്യത്തിൽ 323 ആയി നിജപ്പെടുത്തി ഉത്തരവാകുന്നു. കേരള എക്സൈസ് ആൻഡ് പ്രൊഹിബിഷൻ സബോർഡിനേററ് സർവീസ് സ്പെഷ്യൽ റൂൾ ചട്ടം -2 പ്രകാരം സ്ഥാനകയറ്റത്തിലൂടെയുള്ള എക്സൈസ് ഇൻസ്പെക്ടർ മാരുടെയും , നേരിട്ടുള്ള നിയമനത്തിനായുള്ള എക്സൈസ് ഇൻസ്പെക്ടർ മാരുടെയും അനുപാതം 1: 1 ആയി നിലനിർത്തുന്നതിന്റെ ഭാഗമായി 162 എക്സൈസ് ഇൻസ്പെക്ടർ തസ്തിക പ്രൊമോട്ടീ ഇൻസ്പെക്ടർമാർക്കായും 161 എക്സൈസ് ഇൻസ്പെക്ടർ തസ്തിക നേരിട്ടുള്ള നിയമനത്തിനായി നീക്കിവെച്ചും കേഡർ സ്ട്രെങ്ത് പുനർ നിർണയിച്ച് ഉത്തരവാകുന്നു. പ്രൊമോട്ടീ ഇൻസ്പെക്ടർമാരുടേയും നേരിട്ട് നിയമിക്കുന്ന എക്സൈസ് ഇൻസ്പെക്ടർമാരുടെയും അനുപാതം എക്സൈസ് സ്പെഷ്യൽ റൂൾ ചട്ടം -2 പ്രകാരം 1 : 1 നിലനിർത്തുന്നതിനായി 27-07-2021 മുതൽ വകുപ്പിൽ നിലവിൽ വന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെ അനുപാതം ക്രമീകരിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

Signature valid

Digitally signed by Aananthakrishnan S
Date: 2021.11.02 12:42:44 IST
Reason: Approved

**S. AANANTHAKRISHNAN IPS**
**EXCISE COMMISSIONER**

ഗ്രാഹകൻ: എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: 1.പ്രിൻസിപ്പൽ സെക്രട്ടറി , നികുതി(എഫ്) വകുപ്പ് , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2.സെക്രട്ടറി, കേരള പബ്ലിക് സർവിസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
3.അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോ)
4.ജോയിന്റ് എക്സൈസ് കമ്മിഷണർ , എല്ലാം
5.ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, എല്ലാം
6.ഐ.ടി.സെൽ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7.കരുതൽ ഫയൽ